**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ നിരവധി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഭൂരഹിത-ഭവനരഹിതരായ 86,799 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. നിലവിൽ തദ്ദേശ സ്ഥാപനങ്ങൾ വഴിയും പട്ടികജാതി വികസന വകുപ്പ് മുഖേനയും 40,670 കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് ഭൂരഹിതരായ 5556 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. |
| (ബി) | ആറളം മേഖലയിൽ 44-ഓളം ആദിവാസി കുടുംബങ്ങൾ ദയനീയ അവസ്ഥയിൽ ജീവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആശ്വാസം നൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറളം പുനരധിവാസ മേഖലയിലെ ബ്ലോക്ക്-13 ലെ 55-ാം ഭാഗത്ത് 28 കുടുംബങ്ങൾ മഴക്കാലം കഴിഞ്ഞാൽ പുഴയോരത്ത് താമസിക്കാറുണ്ട്. ടി കുടുംബങ്ങളിൽ ഇടയ്ക്ക് വന്നുപോകുന്ന ഇവരുടെ ബന്ധുക്കളേയും ചേർത്താണ് 44 കുടുംബങ്ങൾ പുഴയോരത്ത് താമസിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.<br><br>ഇതിൽ 15 കുടുംബങ്ങൾ ചതിരൂർ 110 ഉന്നതിയിൽ നിന്നുള്ള കുടുംബങ്ങളാണ്. 10 കുടുംബങ്ങൾ ആറളം ഫാം പുനരധിവാസമേഖലയിൽ ഭൂമി ലഭിച്ചവരുടെ പിൻതലമുറ കുടുംബങ്ങളാണ് (ഉപകുടുംബം). 3 കുടുംബങ്ങൾക്ക് ആറളം പുനരധിവാസ മേഖലയിൽ ബ്ലോക്ക്-13 ൽ ഭൂമി ഉണ്ടായിട്ടും അവിടെ താമസിക്കാതെ 55 പ്രദേശത്ത് താമസിക്കുന്നവരാണ്.<br><br>നിലവിൽ ആറളം പുനരധിവാസമേഖലയ്ക്ക് പുറമേ നിന്നും കൈയ്യേറി താമസിക്കുന്ന 94 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിൽ ചതിരൂർ 110-ൽ നിന്നും കൈയ്യേറി താമസിക്കുന്ന 15 കുടുംബങ്ങളിൽ 10 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആറളം |

| | | | |
|---|---|---|---|
| | | | പുനരധിവാസ മേഖലയിൽ ഭൂമി ലഭിച്ച കുടുംബങ്ങളുടെ പിൻഗാമികൾക്ക് പുനരധിവാസ മേഖലയിൽ തന്നെ ഭൂമി അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>ചതിരൂർ 110 നഗറിൽ 33 കുടുംബങ്ങൾക്ക് ഒരേക്കർ വീതം പതിച്ചു നൽകിയതാണ്. മാവോയിസ്റ്റ് സാന്നിധ്യം ഉണ്ടായ നഗറുകളിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ജില്ലാവികസന കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചതിരൂർ 110 നഗർ സന്ദർശിക്കുകയും വീട് ആവശ്യമുണ്ടെന്ന് അറിയിച്ച 34 കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക്, അർഹത പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ വർഷവും ഭൂമി വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപ, നഗരസഭ/ കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 4,50,000/-, 6,00,000/-രൂപ വീതം ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ വഴിയും ഓരോ വർഷവും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നവർക്ക് മിഷൻ മുഖേന തന്നെ ഭവന നിർമ്മാണത്തിനുള്ള ധനസഹായവും നൽകുന്നു. കൂടാതെ ലൈഫ് മിഷൻ മുഖേനെയും ഭൂമിയ്ക്കും വീടിനുമായി ധനസഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാന്റ് ബാങ്ക് പദ്ധതി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിന് സ.ഉ.(കൈ)നം. 44/2025/SCSTDD തീയതി 10.11.2025, സ.ഉ.(കൈ)നം. 49/2025/SCSTDD തീയതി 24.12.2025 പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 41808 പേർക്കായി 51867.33 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5614 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ